Malayala Manorama
മലയാള മനോരമ

# ജൈവവൈവിധ്യം: കേരള വന മേഖലയ്ക്ക് 13-ാം സ്ഥാനം

കോയമ്പത്തൂർ ● രാജ്യത്തെ 11 സംസ്ഥാനങ്ങളിലെ വന മേഖലകൾ മാത്രമാണ് ശരാശരിക്കു മേൽ അന്തരീക്ഷത്തിലെ കാർബൺ ശേഖരിക്കുന്നതെന്നു കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീബ്രീഡിങ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി.എസ്. കണ്ണൻ വാരിയർ.

കൂടുതൽ കാർബൺ ശേഖരിക്കുന്നത് അരുണാചൽപ്രദേശിലെ വനമാണ്.

ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച ഭൗമദിനാചരണത്തിന്റെ അൻപതാം വാർഷികാചരണത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ കാർബർ സ്റ്റോക്ക് 7124.6 മില്യൺ ടണ്ണാണ്. ദക്ഷിണേന്ത്യയിൽ ദേശീയ ശരാശരിയെക്കാൾ കാർബൺ ശേഖരിക്കുന്നത് കേരളത്തിലെ വനങ്ങളാണ്.

ജൈവവൈവിധ്യത്തിൽ 13-ാം സ്ഥാനമാണ് കേരള വന മേഖലയ്ക്കെന്നും അദ്ദേഹം പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എസ്. സെന്തിൽകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ക്ലൈമറ്റ് ആക്ഷൻ പോസ്റ്ററുകളുടെ ഡിജിറ്റൽ കോപ്പികളും ചടങ്ങിൽ പുറത്തിറക്കി.

174. News in Malayala Manorama, Palakkad, 23.04.2020, Observance of Earth Day by IFGTB ENVIS.